പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.2484

09.12.2014-ൽ മറുപടിയ്ക്ക്

## ട്രാവൻകൂർ ടൈറ്റാനിയത്തിലെ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് ഉത്പാദനം

**ചോദ്യം**

**ശ്രീ.വി.ശിവൻകുട്ടി**

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

**(എ)** ട്രാവൻകൂർ ടൈറ്റാനിയത്തിൽ 2010-2014 കാലയളവിൽ എത്ര മെട്രിക്ക് ടൺ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് ഉത്പ്പാദിപ്പിച്ചു എന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

**(എ) 2010-2014** കാലയളവിലെ ഉത്പാദനം താഴെ കൊടുത്തിരിക്കുന്നു.

| വർഷം | ഉത്പാദനം (മെട്രിക് ടൺ |
|---|---|
| 2010 11 | 15749 |
| 2011 12 | 12701 |
| 2012 13 | 11550 |
| 2013 14 | 10817 |

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ?

**(ബി)** 2010 - 11 വർഷത്തിനുശേഷം ഉത്പാദനത്തിൽ തുടർച്ചയായ കുറവ് ഉണ്ടായിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ താഴെ വിശദീകരിക്കുന്നു.

2011 ന് ശേഷം ഇന്ത്യയിലെ ടൈറ്റാനിയം ഡയോക്സൈഡ് വിപണിയിൽ കൂടുതലായി അനുഭവപ്പെടുന്ന മത്സര സ്വഭാവവും, (പ്രത്യേകിച്ചും ചൈനീസ് ഉല്പ്പന്നങ്ങളും, ഉല്പന്ന ഗുണമേന്മ വർദ്ധിപ്പിച്ച് വിപണിയെ ശക്തമായി സ്വാധീനിക്കുന്ന ആഭ്യന്തര ഉത്പാദകരും) അതുവഴി കമ്പോള വിലയിൽ വന്ന ഗണ്യമായ ഇടിവും, ഉല്പന്നത്തിന്റെ ഉപഭോക്താക്കളായ പെയിന്റ്, പ്ലാസ്റ്റിക് തുടങ്ങിയ വ്യവസായങ്ങളുടെ കുറഞ്ഞ വളർച്ചാനിരക്ക് കാരണം ഉല്പന്നത്തിന്റെ ആവശ്യകതയിൽ

ഉണ്ടാക്കിയ ഇടിവും മൂലമാണ് ഈ കാലയളവിൽ ക്രമാനുഗതമായ ഇടിവ് ഉല്പാദനത്തിലും, വിപണനത്തിലും വന്ന് ചേർന്നത്. വിപണിയിലുള്ള ഈ മാന്ദ്യവും മത്സരവും തുടരുകയാണ്.

**(സി)** ഉൽപ്പാദനവും വിപണനവും മെച്ചപ്പെടുത്തി കമ്പനിയെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

**(സി)** കമ്പനിയെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എ) മെച്ചപ്പെട്ട ഉല്പാദന മാനേജ്മെന്റ്

(ബി) ഉയർന്ന വിഭവക്ഷമതയും, ഉല്പാദന ക്ഷമതയും ഉറപ്പുവരുത്തിയുള്ള ചെലവ് ചുരുക്കൽ പ്രക്രിയ.

(സി) മെച്ചപ്പെട്ട വിപണനതന്ത്രം, വിലനിർണ്ണയത്തിലെ സന്നദ്ധ പ്രതികരണ രീതികളും.

എന്നാൽ വിപണിയിൽ ശരിയായ വിപണന തന്ത്രങ്ങൾ സ്വീകരിക്കുവാൻ കമ്പനിയുടെ ഉയർന്ന ഉല്പാദന ചെലവും, മറ്റ് കാരണങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

വിപണിയിൽ അതിരൂക്ഷമായ വിലയിടിവ് നേരിടേണ്ടി വന്നതിനാലും, കമ്പനിയുടെ ഉൽപ്പന്നത്തിന്റെ വിൽപനയിൽ ഇടിവ് സംഭവിച്ചതിനാലും കമ്പനി ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രസ്തുത കാരണത്താൽ ഉല്പാദനം കുറയ്ക്കേണ്ട സാഹചര്യം നിലനിൽക്കുകയാണ്.

ഉല്പാദനത്തിലെ വൈവിദ്ധ്യവല്ക്കരണം, പ്ലാന്റിന്റെ ആധുനികവത്ക്കരണം നടപ്പിലാക്കി ഉയർന്ന ഉത്പാദന ക്ഷമത കൈവരിക്കുക എന്നീ പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി ഉല്പാദനവും, വിപണനവും കൂടുതൽ ഫലപ്രദമാക്കി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ